# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1022 | 12/07/2016 -ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ<br>,, റോജി എം. ജോൺ<br>,, അൻവർ സാദത്ത്<br>,, വി.ഡി.സതീശൻ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| എ) | മുൻ സർക്കാരിന്റെ കാലത്ത് ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കുമോ; | എ) | 2006-2011 കാലഘട്ടത്തിലാണ് സംസ്ഥാനത്ത് പോളിഹൗസുകളുടെ നിർമ്മാണത്തിനാവശ്യമായ പദ്ധതി രൂപീകരിച്ചതും, ആരംഭിച്ചതും. തുടർന്നുള്ള വർഷങ്ങളിൽ പോളിഹൗസ് നിർമ്മാണത്തിനായി നിശ്ചിത മാനദണ്ഡ പ്രകാരം കണക്കാക്കിയ ചെലവിന്റെ 75% സബ്സിഡി നല്കിവന്നിരുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷം മുതൽ നിശ്ചിത മാനദണ്ഡ പ്രകാരമുള്ള തുകയുടെ 60 ശതമാനമാണ് സബ്സിഡി നല്കുന്നത്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ; | ബി) | ഹൈടെക് ഫാമിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങളുടെ ഉല്പാദവും, ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുക.<br>2. ഉന്നത ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക<br>3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുക. |

4. കയറ്റുമതി ലക്ഷ്യമാക്കി കട്ട് ഫ്ളവർ, ലൂസ് ഫ്ളവർ എന്നിവയുടെ ഗുണനില വാരം മെച്ചപ്പെടുത്തുക.
5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.
6. കുറഞ്ഞ അദ്ധ്വാനം ഉപയോഗിച്ച് കൃഷി സാധ്യമാക്കുക.

സി) പ്രസ്തുത പദ്ധതിയ്ക്കായി ഭരണതല- ത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനായി ഭരണതലത്തിൽ എടുത്ത നടപടികൾ ചുവടെ ചേർക്കുന്നു.

- കേരളത്തിലെ ഹൈടെക് ഫാമിംഗ് പദ്ധതിയുടെ നടത്തിപ്പിന്റെ വിലയി- രുത്തലും മേൽനോട്ടവും നടത്തു ന്നതിനായി സംസ്ഥാനതല / ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.
- കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി) രൂപം നൽകി യിട്ടുള്ള ആർക്ക്ജിസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് പോളീഹൗസുക ളുടെ മോണിറ്ററിംഗ് സാധ്യമാക്കുന്ന തിന് സംസ്ഥാനത്തിനുള്ളിലെ പോളീ ഹൗസുകൾ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഇന്റർനെറ്റിൽ ലഭ്യമാക്കി.
- പോളീഹൗസ് കൃഷിയിൽ ഏർപ്പെട്ടി രിക്കുന്ന കർഷകരുടെ ക്ഷേമവും, ഉന്നമനവും, ഉറപ്പുവരുത്തുന്നതിനും, വിളകളുടെ ഉല്പാദനത്തിനും, വിപണനത്തിനും കർഷകരെ

സഹായിക്കുന്നതിനും, പോളീഹൗസ് കൃഷിയുടെ പുരോഗതിയ്ക്ക് വേണ്ട നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ കർഷക കൂട്ടായ്മകൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു.

**സെക്ഷൻ ഓഫീസർ**